(ഡി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിനുള്ള പദ്ധതി

*9 [610] ശ്രീ. എ. കെ. മണി:
„ കെ. സി. ജോസഫ്:
„ അടൂർ പ്രകാശ്:
„ വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ പലിശയ്ക്ക് വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിന് പ്രാഥമിക സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ ബാങ്കുകൾക്ക് ഇത്തരം പരിപാടികളില്ലാത്തപക്ഷം പ്രസ്തുത ബാങ്കുകളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികളുടെ പ്രോഹഷണൽ വിദ്യാഭ്യാസത്തിന് അഞ്ച് വർഷ കാലാവധിക്ക് പരമാവധി 1,50,000 രൂപ വരെ വായ്പ നൽകുന്നുണ്ട്. ഇപ്രകാരം നൽകുന്ന വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന നിരക്കിലുള്ള പലിശ ബാധകമാണ്.

(സി) ചോദ്യം പ്രസക്തമല്ല.

ജില്ലാ/അന്തർജില്ലാ റൂട്ട് രൂപവത്ക്കരണം

*10 [611] ശ്രീ. സാജു പോൾ:
„ വി. ചെന്താമരാക്ഷൻ:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ/അന്തർജില്ലാ തലത്തിൽ മോട്ടോർ വാഹന വകുപ്പ് റൂട്ട് രൂപവൽക്കരണ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) റൂട്ട് രൂപവൽക്കരണ നടപടികളുടെ ഉദ്ദേശ്യം എന്താണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത നടപടി മുഖേന ബസ്സുകളുടെ എണ്ണം കുറയ്ക്കുക എന്ന ഉദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly